I/276390/2023

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-എ5/6039/2023/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 12-04-2023

## സർക്കുലർ - I

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം- സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരുടേയും 2023-24 അദ്ധ്യയന വർഷത്തെ പൊതു സ്ഥലം മാറ്റം- സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 2/2010/പൊ വി വ തീയതി: 02/01/2010.
2. സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 20/2012/പൊ വി വ തീയതി: 20/01/2012.
3. 14/10/2015 ലെ സർക്കാർ സർക്കുലർ നമ്പർ 26519/ജെ(1)/15/പൊ വി വ.
4. സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017/ഉ. ഭ. പ.വ. തീയതി: 25/02/2017.
5 5/4/2023ലെ സർക്കാർ കത്ത് നമ്പർ യു 4/174/2022/പൊ വി വ

*****

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന, ജില്ലാ തല കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ നിന്നും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരിൽ നിന്നും പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. സർക്കാർ സർവീസിൽ ഉള്ള അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിനുള്ള നിർദ്ദിഷ്ട ഫാറത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ജില്ലാതല കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകർക്കും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർക്കുമാണ് ഈ സർക്കുലർ പ്രകാരം സ്ഥലം മാറ്റത്തിന് അപേക്ഷിക്കുവാൻ യോഗ്യത ഉള്ളത്. ഹൈസ്കൂൾ വിഭാഗത്തിലെ പ്രധാനാദ്ധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ സേവനപുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി നിശ്ചിത തീയതിക്കകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതാണ്. എൽ.പി/യു.പി വിഭാഗം സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ സേവനപുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നുണ്ടെങ്കിൽ അതിലേക്കുള്ള അപേക്ഷ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സർക്കാർ സർവീസിലുള്ള അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനായി നിർദ്ദേശിച്ചിട്ടുള്ള നിലവിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ കോമൺപൂളിലുള്ള അദ്ധ്യാപകരുടെ അപേക്ഷകൾ പരിശോധിച്ച് സ്ഥലം മാറ്റം നൽകേണ്ടത്.

I/276390/2023

കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരുടേയും പൊതു സ്ഥലം മാറ്റം നടത്തുന്നതിലേക്കുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

1. ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷ പ്രധാനാദ്ധ്യാപകൻ സ്വീകരിക്കേണ്ട അവസാന തീയതി : 18/04/2023.

2. പ്രൈമറി വിഭാഗം മാത്രമുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരുടേയും സ്ഥലംമാറ്റ അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ട അവസാന തീയതി: 18/04/2023.

3. ഹൈസ്കൂൾ വിഭാഗം പ്രധാനാദ്ധ്യാപകരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ശേഖരിച്ച അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കുന്ന അവസാന തീയതി: 20/04/2023.

4. അപേക്ഷ പരിശോധിച്ച് ഓരോ തസ്തികയുടെയും സീനിയോരിറ്റി ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസിദ്ധീകരിച്ച് താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി: 22/04/2023.

5. അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി : 25/04/2023.

Signed by
Jeevan Babu.k I A S
Date: 12-04-2023 20:11:33
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എ1, എ3, എ6 സെക്ഷനുകൾ
6. കരുതൽ ഫയൽ.